D 32578 (Pages : 2) Name.....................................

Reg. No..................................

# FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2022

(CBCSS)

Malayalam

MAL 1C 01—ANCIENT-MEDIEVAL POETRY

(2019 Admission Onwards)

Time : Three Hours Maximum : 30 Weightage

## Section A

*Answer any* **four** *questions.*
*Each question carries 2 weightage.*

1. "ആശ്രിതരക്ഷണം ധർമ്മം നൃപതികൾ-
ക്കാശ്രിതയല്ലോ വിശേഷിപ്പിച്ചിവൾ താനും"
–ആരുടെ വാക്കുകൾ ? സന്ദർഭമേത് ? വിശദീകരിക്കുക.

2. "ഏഴു രണ്ടുലകുവാഴിയായ തമ്പുരാനെത്രയും
താഴത്തന്റെ വയസ്യനെ ദൂരത്തു കണ്ടു"
–ആ വയസ്യന്റെ ചിത്രം കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

3. "വായ്ക്കും ദൈവഗതിക്കു നീക്കമൊരുനാളുണ്ടോ"–സന്ദർഭത്തോടിണക്കി ഈ ആപ്തവാക്യത്തെ വ്യാഖ്യാനിക്കുക.

4. കരിയാപണിക്കർ ചെങ്ങന്നൂരാതിയെ കളരി വിദ്യ പഠിപ്പിക്കാൻ ഇടയായതെങ്ങനെ ?

5. "താനേഴു സാഗരന്തനെയടങ്കലവും
തനിയെറുമ്പുണ്ണുവതാന ചരിപോലെ
താനേതുമറിയാമലിന്നുര ചെയ്യും വകൈ
നല്ലോർ പൊറുത്തരുൾകയെല്ലോരുമ്മകിഴ"
–സാരസ്യം വിശദമാക്കുക.

6. "മാരകമ്പമൊഴിപ്പാനായ്-
ക്കാമുകീസേവകാമുകം
കാമുകം കൂട്ടമീടിന്റ
വാഹോദ്യാനാന്ധകാരം"
–വ്യാഖ്യാനിക്കുക.

Turn over

CHMK LIBRARY, UNIVERSITY OF CALICUT

7. "കുന്നോടിടഞ്ഞ മുലയാളവൾ മീൻകടിച്ചി-

ട്ടെന്നോർക്കുമാറുടലുലച്ചടവായിനിന്നു"

–സന്ദർഭവും ആശയവും വിശദമാക്കുക.

(4 × 2 = 8 weightage)

## Section B

*Answer any* **four** *questions.*
*Each question carries* 3 *weightage.*

8. മലയിൽ മലങ്കുറവൻ പാണ്ഡവർക്കെതിരെ ക്ഷുദ്രപ്രയോഗം നടത്താൻ ഇടയായത് ഏത് സാഹചര്യത്തിലാണ് ? അത് നിർവ്വഹിച്ചതെങ്ങനെ ?

9. 'ശീതം തഴച്ചൊരു ഹേമന്തകാലം' വന്നു ചേർന്നപ്പോൾ ആമ്പാടിയിലെ മനുഷ്യർക്കും പ്രകൃതിക്കുമുണ്ടായ മാറ്റങ്ങൾ എന്തെല്ലാമായിരുന്നു ?

10. 'നളചരിതം' രണ്ടാം ദിവസത്തെ കഥയിലെ കലി-പുഷ്ക്കര സംവാദം സംഗ്രഹിക്കുക.

11. 'ഉണ്ണുനീലി സന്ദേശ'ത്തിലെ അതിർ കടന്ന ക്ഷേത്ര വർണ്ണനകൾ രസഭംഗത്തിന് കാരണമാകുന്നുണ്ടോ ? പരിശോധിക്കുക.

12. ഭാഷാ രാമായണം ചമ്പുവിലെ ഉദ്യാനപ്രവേശം എന്ന ഭാഗത്ത് പ്രത്യക്ഷപ്പെടുന്ന രാവണന്റെ സ്വഭാവം നിരൂപണം ചെയ്യുക.

13. സത്യാസ്വയംവരത്തിനുള്ള ഒരുക്കങ്ങളെക്കുറിച്ച് കുഞ്ചൻ നമ്പ്യാർ വർണ്ണിച്ചിരിക്കുന്നതെങ്ങനെ ?

14. ഉയിർത്തെഴുന്നേറ്റ യേശുവും മാതാവും തമ്മിൽ നടന്ന സംഭാഷണം സംക്ഷേപിക്കുക.

(4 × 3 = 12 weightage)

## Section C

*Answer any* **two** *questions.*
*Each question carries* 5 *weightage.*

15. ഭാഷാരീതിയും സാഹിത്യ ഗുണസമൃദ്ധിയും നോക്കുമ്പോൾ രാമചരിതത്തെയും ഭാഷാ ചമ്പുക്കളെയും യോജിപ്പിക്കുന്ന ഇടക്കണ്ണിയാണ് നിരണം കൃതികൾ–നിരൂപിക്കുക.

16. ഭക്തിപ്രസ്ഥാനത്തിൽ പൂന്താനത്തിനുള്ള സ്ഥാനം നിർണ്ണയിച്ച് അദ്ദേഹത്തെ എഴുത്തച്ഛനുമായി താരതമ്യം ചെയ്യുക.

17. വടക്കൻ പാട്ടുകളിൽ പ്രതിഫലിക്കുന്ന സാമൂഹിക ജീവിതത്തിന്റെ സവിശേഷതകൾ അവലോകനം ചെയ്യുക.

18. വികാരനിർഭരത്വമാണ് 'കുചേലവൃത്ത'ത്തിന്റെ മൗലിക സ്വഭാവം എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**D 32578-A** **(Pages : 4)** **Name..................................**

**Reg. No..................................**

**FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2022**

(CBCSS)

Malayalam

MAL 1C 01—ANCIENT-MEDIEVAL POETRY

(2019 Admission Onwards)

(Improvement Candidates need not appear for MCQ Part)

(Multiple Choice Questions for SDE Candidates)

| Time : 20 Minutes | Total No. of Questions : 20 | Maximum : 5 Weightage |
|---|---|---|

# INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

## MAL 1C 01—ANCIENT-MEDIEVAL POETRY

(Multiple Choice Questions for SDE Candidates)

1. അതിപ്രാചീനമായ ഒരു അനുഷ്ഠാനമാണ് ?

    (A) പാട്ടുകളി.  (B) പാനേങ്കളി.

    (C) കളമെഴുത്തും പാട്ടും.  (D) നായാട്ടും ആർപ്പം.

2. തെക്കൻപാട്ടുകളുടെ ഗാനമാധുര്യം തങ്ങിനിൽക്കുന്നവയാണ് :

    (A) പാനപാട്ടുകൾ.  (B) പടേനിപ്പാട്ടുകൾ.

    (C) വില്ലടിച്ചാൻ പാട്ടുകൾ.  (D) ആണ്ടിപ്പാട്ടുകൾ.

3. ഒതേനന്റെ സന്തത സഹായി :

    (A) കോമകുറുപ്പ്.  (B) കണ്ടാശ്ശേരി ചാപ്പൻ.

    (C) കതിരൂർ കുരിക്കൾ.  (D) തണ്ണീർ ഭഗവതി.

4. എല്ലാ വീരചരിതങ്ങളിലും സ്വാധീനിക്കുന്ന ഇതിവൃത്തം :

    (A) നായകന്റെ ജനനം ബാല്യം.  (B) നായകന്റെ അഭ്യാസ പരിശീലനം.

    (C) ഒരു വിലക്കും അതിന്റെ നിഷേധവും.  (D) വീരനായകന്റെ ദുരന്തം.

5. മലയാളത്തെ തമിഴിൽ നിന്ന് വേർതിരിക്കുന്ന ആറു നയങ്ങളിൽ ഒന്ന് :

    (A) ഭാഷാമിശ്രണനയം.  (B) വിഭക്തിപ്രത്യയനയം.

    (C) അനുനാസികാതിപ്രസരം.  (D) ലോപാക്ഷരനയം.

6. ഒരു കേരളീയ രാജാവ് രചിച്ച തമിഴിലെ ഭക്തികൃതി :

    (A) കേരളവർമ്മ രാമായണം.  (B) പെരിയപുരാണം.

    (C) ചിലപ്പതികാരം.  (D) പെരുമാൾ തിരുമൊഴി.

7. മലയാളത്തിലെ ഒന്നാമത്തെ ദാർശനിക ഗ്രന്ഥം :

    (A) അദ്ധ്യാത്മ രാമായണം.  (B) ഹരിനാമ കീർത്തനം.

    (C) ഭാഷാ ഭഗവദ് ഗീത.  (D) ദർശനമാല.

CHMK LIBRARY, UNIVERSITY OF CALICUT

8. മണ്ഡോദരി പതിവ്രതയായ സീതയെ ആരോടാണ് താരതമ്യപ്പെടുത്തുന്നത് ?

(A) അരുന്ധതി. (B) സാവിത്രി.

(C) പാർവ്വതി. (D) പാഞ്ചാലി.

9. നിരണം കവികളുടെ കാലത്ത് തന്നെ മിശ്രഭാഷയിൽ അമ്പത്തൊന്നക്ഷരങ്ങൾ ഉണ്ടായിരുന്നതായി തെളിയിക്കുന്ന ഗ്രന്ഥം :

(A) ഭാഷാരാമായണം. (B) കണ്ണശ്ശരാമായണം.

(C) ഭാഷാഭഗവത്ഗീത. (D) ഹരിനാമ കീർത്തനം.

10. പാട്ടുപ്രസ്ഥാനത്തിലെ പ്രഖ്യാതനായ 'ജനകീയ കവി' ആര് ?

(A) രാമപുരത്ത് വാരിയർ. (B) പൂന്താനം.

(C) കുഞ്ചൻ നമ്പ്യാർ. (D) എഴുത്തച്ഛൻ.

11. വില്ലടിച്ചാൻ പാട്ടു പാടുന്ന ഗായക സംഘത്തിന്റെ തലവൻ ആണ് :

(A) ആശാൻ. (B) പുലവൻ.

(C) പ്രമാണി. (D) വില്ലാശാൻ.

12. പൂന്താനത്തിന്റെ അഭിപ്രായത്തിൽ കലിയുഗത്തിൽ മുക്തി നേടാനുള്ള മാർഗ്ഗം :

(A) തപസ്സ്. (B) ജ്ഞാനം.

(C) വേദപാരായണം. (D) നാമസങ്കീർത്തനം.

13. 'മണിപ്രവാളം' എന്ന പദം ആദ്യമായി ഉപയോഗിച്ച കൃതി :

(A) മണിമേഖല. (B) ലീലാതിലകം.

(C) ജയധവള. (D) വൈശികതന്ത്രം.

14. മണിപ്രവാളം എന്ന പദത്തിന്റെ സൂചിതാർത്ഥം :

(A) അഭിന്നപ്രതീതി. (B) തുല്യപ്രതീതി.

(C) വൈവിധ്യപ്രതീതി. (D) വിയോഗപ്രതീതി.

15. ആശ്ചര്യ ചൂഡാമണിയുടെ കർത്താവ് :

(A) ശ്രീശങ്കരഭഗവത് പാദർ. (B) ശക്തിഭദ്രൻ.

(C) ചാത്തുക്കുട്ടി മന്നാടിയാർ. (D) ഗോവിന്ദസ്വാമി.

Turn over

CHMK LIBRARY, UNIVERSITY OF CALICUT

16. കൈക്കൊട്ടിപ്പാട്ടുകളുടെ പ്രചാരകൻ :

(A) ഇരയിമ്മൻ തമ്പി. (B) മച്ചാട്ടിളയത്.

(C) അശ്വതി തിരുനാൾ. (D) പന്തളം കേരളവർമ്മ.

17. സരസദ്രുത കവികിരീടമണി എന്ന് വിശേഷിപ്പിച്ചത് ആരെ ?

(A) കൊച്ചുണ്ണി തമ്പുരാൻ. (B) വെൺമണി മഹൻ.

(C) കുഞ്ഞിക്കുട്ടൻ തമ്പുരാൻ. (D) പന്തളം കേരളവർമ്മ.

18. മാപ്പിളപ്പാട്ടുകൾ ആദ്യമായി പ്രയോഗിക്കപ്പെട്ട പാട്ടിന്റെ ഈണം അഥവാ ———— എന്നതിന്റെ പേരിലാണറിയപ്പെട്ടിരുന്നത് ?

(A) മുറുക്കം. (B) ഇശൽ.

(C) താളം. (D) വിസ്സ.

19. മലയാള കവിതാരംഗത്ത് രൂപഭംഗിയെക്കാൾ ഭാവ തീവ്രതക്ക് പ്രാധാന്യം നൽകിയ ആദ്യകൃതി :

(A) കുമാരനാശാന്റെ വീണപൂവ്. (B) എ. ആറിന്റെ മലയവിലാസം.

(C) ആസന്നമരണ ചിന്താശതകം. (D) വി.സി. ബാലകൃഷ്ണപണിക്കരുടെ ഒരു വിലാപം.

20. 'മലയവിലാസ'ത്തിന്റെ കർത്താവ് :

(A) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ.

(B) എ.ആർ. രാജരാജവർമ്മ.

(C) സി.എസ്സ്. സുബ്രഹ്മണ്യൻ പോറ്റി.

(D) ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ.

CHMK LIBRARY, UNIVERSITY OF CALICUT

**D 32579** (Pages : 3) Name.......................................

Reg. No...................................

## FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2022

(CBCSS)

Malayalam

MAL 1C 02—MODERN POETRY

**(ആധുനിക കവിത)**

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

### Section A

*Answer any* **four** *questions.*
*Each question carries* 2 *weightage.*

1. "പിടയാറില്ലേ നിൻ ഹത ചേതന
   പിടി കിട്ടാത്തൊരു വേദനയിൽ"
   –സന്ദർഭവും ആശയവും വിശദമാക്കുക.
2. "ഹാ ! വിശിഷ്ട മൃദുഗാന, മിന്നിനീ
   കൂവിടായ്ക കുയിലേയനക്ഷരം
   ഏവമോതിയലയും മരങ്ങൾ തൻ
   പൂവെഴും തല തളിർത്ത ശാഖയും"
   –ഈ ശ്ലോകത്തിൽ നിഗീരണം ചെയ്തിരിക്കുന്ന ആശാന്റെ കാവ്യ സങ്കല്പമെന്ത് ?
3. "ആരണ്യക, മണ്ണിൽ കൺമണി-
   മാർകളെ മീട്ടുന്നു നീ"
   –അർത്ഥധ്വനിയെന്ത് ?
4. മുതുകാൽ മൂവഞ്ചുമടക്കിട്ടിഴയുന്ന വേതാളത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?
5. "മാപ്പു നല്കുക ; നീ പൊറുക്കു-
   കെൻ മർത്യതാദർപ്പം"
   –ഇങ്ങനെ പറയാനുണ്ടായ കാരണമെന്ത് ?

CHMK LIBRARY, UNIVERSITY OF CALICUT

Turn over

6. മേഘരൂപനോടുള്ള തന്റെ മനോഭാവം കവി അവതരിപ്പിക്കുന്നതെങ്ങനെ ?

7. "അന്നേ മനസ്സിൻ ചിറകിന്നു കൊണ്ടതാ-

ണമ്പുകൾ പോലാമുനയുള്ള വാക്കുകൾ"

–സൂചിതമെന്ത് ?

(4 × 2 = 8 weightage)

## Section B

*Answer any* **four** *questions.*
*Each question carries* 3 *weightage.*

8. "പേശലമല്ലൊരു വസ്തുവുമുലകിൽ

പ്രേക്ഷകനില്ലെന്നാൽ"

–ഇതിന്റെ സാധുതയെന്ത് ?

9. "പൊട്ടിത്തെറിച്ചൂ പ്രതിഷേധ ഭാഷിതം

കെട്ടേണ്ട വേഷം, മുഖശ്രീ തൊടാത്തവൻ"

–ഈ പ്രതിഷേധത്തിന്റെ പശ്ചാത്തലമെന്ത് ?

10. 'ബോധാഗ്നി' എന്ന കവിതയിൽ കവി അവതരിപ്പിക്കുന്ന ആശയമെന്ത് ?

11. ലിപിയെപ്പറ്റി കവിയുടെ അഭിപ്രായങ്ങൾ എന്തെല്ലാം ?

12. "മുക്തി സാധതോപായം ഹന്ത !

മർത്ത്യന്നു ദൗർബ്ബല്യം താൻ"

–ആശയമെന്ത് ?

13. സ്വന്തം നാടിനെക്കുറിച്ചുള്ള അഭിപ്രായം 'ആസ്സാം പണിക്കാർ' എന്ന കവിതയിൽ സമർത്ഥിച്ചിരിക്കുന്നതെങ്ങനെ ?

14. "സന്ധ്യക്കയോയേനല്ലോ, സൗമ്യനാം കണവനാൽ"–ശകുന്തളയുടെ ഈ വാക്കുകൾ കേട്ടപ്പോൾ വിശ്വാമിത്രനുണ്ടായ ഭാവമാറ്റമെന്ത് ?

(4 × 3 = 12 weightage)

CHMK LIBRARY, UNIVERSITY OF CALICUT

## Section C

*Answer any* **two** *questions.*
*Each question carries 5 weightage.*

15. പുരാവൃത്തങ്ങൾക്ക് വ്യത്യസ്തവും നവീനവുമായ മാനവും അർഥപ്രസക്തിയും നല്കിയിരിക്കുന്നു 'ഗജേന്ദ്ര മോക്ഷം' കവിതയിൽ–ശരിയോ ? പരിശോധിക്കുക.

16. 'മലയവിലാസ'ത്തെ മലയാള കവിതയിലെ കാല്പനികതയുടെ അരുണോദയമെന്ന് വിലയിരുത്തുന്നത് എത്രത്തോളം ഉചിതമാണെന്ന് നിരൂപിക്കുക.

17. 'ഉപരിവർഗ്ഗത്തിന്റെ സംഭ്രാന്തിയും വിപ്ലവത്തിന്റെ മുന്നേറ്റവും ഇഴ ചേർത്തു പിരിച്ചുണ്ടാക്കിയതാണ് 'ബംഗാൾ' എന്ന കവിത–ചർച്ച ചെയ്യുക.

18. ചരിത്രത്തിന്റെ പാഠപരത മലയാള കവിതയ്ക്ക് വിഷയീഭവിച്ചതെങ്ങനെയെന്ന് ആധുനികാനന്തര കവിതയെ മുൻനിർത്തി പരിശോധിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**D 32579-A** (Pages : 4) Name.......................................

Reg. No....................................

FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2022

(CBCSS)

Malayalam

MAL 1C 02—MODERN POETRY

(ആധുനിക കവിത)

(2019 Admission onwards)

(Improvement Candidates need not appear for MCQ Part)

(Multiple Choice Questions for SDE Candidates)

| Time : 20 Minutes | Total No. of Questions : 20 | Maximum : 5 Weightage |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

MAL 1C 02—MODERN POETRY

**(ആധുനിക കവിത)**

(Multiple Choice Questions for SDE Candidates)

1. കുമാരനാശാന്റെ 'ഒരു സ്നേഹം' എന്നു കൂടി പേരുള്ള കാവ്യം :

    (A) കരുണ.  (B) നളിനി.

    (C) ലീല.  (D) വീണപൂവ്.

2. 'ഉഡ്ഡയനമായ ഗാരുഡചേതന' എന്ന് ഡോ: എം. ലീലാവതി വിശേഷിപ്പിച്ചത് ഏതു കവിയെയാണ് ?

    (A) കുമാരനാശാൻ.  (B) ഉള്ളൂർ എസ്. പരമേശ്വരയ്യർ.

    (C) വള്ളത്തോൾ നാരായണമേനോൻ.  (D) ഏ. ആർ. രാജരാജവർമ്മ.

3. 'വള്ളത്തോൾക്കവിത' എന്ന കൃതി രചിച്ചത് :

    (A) ഡോ: കെ.എം. ജോർജ്ജ്.  (B) ഡോ: എൻ.വി.പി. ഉണിത്തിരി.

    (C) ഡോ: എം. ലീലാവതി.  (D) ഡോ: സുകുമാർ അഴീക്കോട്.

4. ശാസ്ത്രീയമായ വ്യാഖ്യാനങ്ങൾക്കിട നൽകുന്ന ജി. ശങ്കരക്കുറുപ്പിന്റെ ഒരു കവിതയാണ് ————.

    (A) പാണനാർ.  (B) ഓടക്കുഴൽ.

    (C) പാഥേയം.  (D) ശിവതാണ്ഡവം.

5. 'പുരുഷന്റെ കുമ്പസാരമാണ് മഴുവിന്റെ കഥ' എന്നു പ്രസ്താവിച്ചത് ആര് ?

    (A) ഡോ: ലീലാവതി.  (B) ഡോ: സജയ് കെ.വി.

    (C) ഡോ: എം.എസ്. പോൾ.  (D) ഡോ: കല്പറ്റ ബാലകൃഷ്ണൻ.

6. കാല്പനിക പ്രേമത്തെ അപഹാസ്യവും ദുർബലവുമായി ചിത്രീകരിച്ചിരിക്കുന്ന ഒരു കവിതയാണ് ————.

    (A) മനസ്വിനി.  (B) കൊച്ചു തൊമ്മൻ.

    (C) പ്രേമസംഗീതം.  (D) നളിനി.

7. വിപ്ലവകവി എന്നറിയപ്പെടുന്ന ഒരു കവിയാണ് :

    (A) യൂസഫലി കേച്ചേരി.  (B) വയലാർ രാമവർമ്മ.

    (C) എൻ.വി. കൃഷ്ണവാര്യർ.  (D) വൈലോപ്പിള്ളി ശ്രീധരമേനോൻ.

CHMK LIBRARY, UNIVERSITY OF CALICUT

8. 'വ്യക്തിഗതമായ വേദനകളെ വിശ്വഗതമായി വികസിപ്പിക്കുന്നതിലാണ് സുഗതകുമാരിയുടെ മിടുക്ക് എന്ന് പ്രസ്താവിച്ചതാര് ?

(A) പ്രൊഫ: എം.കെ. സാനു. (B) പ്രൊഫ: എസ്. ഗുപ്തൻ നായർ.

(C) പ്രൊഫ: എം. തോമസ് മാത്യു. (D) പ്രൊഫ: എം.എൻ. വിജയൻ.

9. ബിഭൂതിഭൂഷൺ ബന്ദോപാധ്യായയുടെ ഏതു നോവലിലെ കഥാപാത്രമാണ് യുഗള പ്രസാദൻ ————?

(A) പഥേർ പാഞ്ചാലി. (B) ആദർശഹിന്ദു ഹോട്ടൽ.

(C) ആരണ്യക്. (D) ചന്ദേർപഹർ.

10. സംസ്കൃതത്തിൽ എഴുതിയ ഗാനത്തിന് ദേശീയ അവാർഡ് ലഭിച്ച ഏക മലയാള കവി :

(A) വിഷ്ണു നാരായണൻ നമ്പൂതിരി. (B) വയലാർ രാമവർമ്മ.

(C) ഒ.എൻ.വി. കുറുപ്പ്. (D) യൂസഫലി കേച്ചേരി.

11. "കുതിരയ്ക്ക് കൊമ്പുണ്ടെന്ന് നേതാവു പ്രഖ്യാപിച്ചാൽ നട്ടെല്ലൂരിയെടുത്ത് നെറ്റിയിലൊട്ടിച്ച് പ്രഖ്യാപനത്തെ സാർത്ഥമാക്കുന്ന നട്ടെല്ലു നഷ്ടപ്പെട്ട അനുയായി വർഗ്ഗത്തെ കളിയാക്കുന്ന കുതിരക്കൊമ്പ്........" എന്നു പറഞ്ഞതാര് ?

(A) ഡോ: പി.കെ. രാജശേഖരൻ. (B) ഡോ: എം. ലീലാവതി.

(C) ഡോ: സുകുമാർ അഴീക്കോട്. (D) ഡോ: കെ.എം. ജോർജ്.

12. ബംഗാൾ എന്ന കവിതയുടെ അടിസ്ഥാനമായി വരുന്നത് എന്താണ് ?

(A) ചരിത്രപരത. (B) മാനവികത.

(C) ദാർശനികത. (D) പൗരാണികത.

13. 'ആഗ്നേയ സൗഹൃദ'ത്തിൽ 'ധൂമവസന'മൂരിയെറിഞ്ഞ 'ദിഗംബരജ്വലനം' എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ഏതു കവിയുടേതാണ് ?

(A) സച്ചിദാനന്ദൻ. (B) ബാലചന്ദ്രൻ ചുള്ളിക്കാട്.

(C) ഡി. വിനയചന്ദ്രൻ. (D) കെ.ജി. ശങ്കരപ്പിള്ള.

14. ഒരേ മിത്തിനെ ആസ്പദമാക്കി പെരുന്തച്ചൻ, തച്ചന്റെ മകൻ, തച്ചന്റെ മകൾ എന്നീ രചനകൾ നിർവ്വഹിച്ച കവികൾ യഥാക്രമം :

(A) കെ.ജി. ശങ്കരപ്പിള്ള, ഇടശ്ശേരി, വിജയലക്ഷ്മി.

(B) ജി. ശങ്കരക്കുറുപ്പ്, ആറ്റൂർ, വിജയലക്ഷ്മി.

(C) ജി. ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി, വിജയലക്ഷ്മി.

(D) കെ.ജി. ശങ്കരപ്പിള്ള, വയലാർ, വിജയലക്ഷ്മി.

CHMK LIBRARY, UNIVERSITY OF CALICUT

15. കല്ലേറു കൊണ്ട് കണ്ണു പൊട്ടിയ ആട്ടിൻകുട്ടി എന്തിന്റെ പ്രതീകമാണ് ?

(A) മൈത്രിയുടെ. (B) പീഡിതത്വത്തിന്റെ.

(C) ഭഗ്നപ്രണയത്തിന്റെ. (D) അധമത്വത്തിന്റെ.

16. "ഈ അന്ധകാരത്തിൽ,

ഈ നിശ്ശബ്ദതയിൽ,

നിൻ കരളിലെ ശ്യാമവർണ്ണമാം ...."

—എന്നാരംഭിക്കുന്ന കവിത.

(A) സത്യവാങ്മൂലം. (B) എവിടെ ജോൺ.

(C) പാർക്കിൽ. (D) ദിവ്യദുഃഖത്തിന്റെ നിഴൽ.

17. "മരണമെത്തുന്ന നേരത്തു നീയെന്റെയരികിൽ

ഇത്തിരി നേരം ഇരിക്കണേ ......... "എന്ന സിനിമാഗാനം എഴുതിയ കവി :

(A) പി.പി. രാമചന്ദ്രൻ. (B) റഫീക് അഹമ്മദ്.

(C) യൂസഫലി കേച്ചേരി. (D) ബാലചന്ദ്രൻ ചുള്ളിക്കാട്.

18. കണ്ടത്തി എന്ന കവിത ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് :

(A) കെ.കെ. ഷെരീഫ്. (B) കെ. എം. ഷെരീഫ്.

(C) എം. കെ. ഷെരീഫ്. (D) എം. ഷെരീഫ്.

19. എസ്. ജോസഫിന്റെ ആദ്യ കവിതാസമാഹാരം :

(A) മീൻകാരൻ. (B) ഐഡന്റിറ്റി കാർഡ്.

(C) കറുത്ത കല്ല്. (D) ഉപ്പന്റെ കൂവൽ വരയ്ക്കുന്നു.

20. സ്വത്വാധിഷ്ഠിതവും പാരിസ്ഥിതികവും ഭാഷാപരവുമായ ചിന്തകളുണർത്തുന്ന ഒരു കവിതയാണ് ——————.

(A) ദൈവപ്പാതി. (B) ആലപ്പുഴ വെള്ളം.

(C) മാട്രിമോണിയൽ. (D) തച്ചന്റെ മകൾ.

CHMK LIBRARY, UNIVERSITY OF CALICUT

**D 32580** (Pages : 2) Name.....................................

Reg. No.....................................

## FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2022

(CBCSS)

Malayalam

MAL 1C 03—KERALA – REGION AND CULTURE

(കേരളം – ദേശവും സംസ്കാരവും)

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

### Section A

*Answer any* **four** *questions.*
*Each question carries 2 weightage.*

1. ഐന്തിണ എന്നാലെന്ത് ? ഓരോന്നിനെക്കുറിച്ചും കുറിപ്പെഴുതുക.
2. കേരളത്തിലെ കളരി സമ്പ്രദായത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
3. ജന്മി സമ്പ്രദായത്തിന്റെ പതന കാരണങ്ങൾ ഏവ ?
4. ദേവസ്വവും ബ്രഹ്മസ്വവും എന്തെന്ന് വിശദമാക്കുക.
5. ഐക്യ കേരള പ്രസ്ഥാനം–കുറിപ്പെഴുതുക.
6. കേരളത്തിലെ വിമോചന സമരത്തിന്റെ പ്രാധാന്യമെന്ത് ?
7. അയ്യങ്കാളിയുടെ സാമൂഹിക പ്രവർത്തനങ്ങളെ വിലയിരുത്തുക.

(4 × 2 = 8 weightage)

### Section B

*Answer any* **four** *questions.*
*Each question carries 3 weightage.*

8. കേരളീയ നവോത്ഥാനത്തിന് ശ്രീനാരായണഗുരു നല്കിയ സംഭാവനകളെന്തെല്ലാം ?
9. പഴശ്ശിസ്സമരങ്ങളുടെ രാഷ്ട്രീയ പ്രാധാന്യത്തെപ്പറ്റി വിവരിക്കുക.
10. ഡച്ചുകാർ കേരളത്തിന്റെ സാമ്പത്തിക വികസനത്തിനു നല്കിയ സംഭാവനയെന്ത് ?
11. പ്രാചീന കേരളത്തിന്റെ വിദേശ വ്യാപാര ബന്ധങ്ങളെപ്പറ്റി വിവരിക്കുക.
12. ബുദ്ധമതം കേരളത്തിനു നല്കിയ സംഭാവനകൾ എന്തെല്ലാം ?

Turn over

CHMK LIBRARY, UNIVERSITY OF CALICUT

13. പ്രാചീന കേരള ചരിത്ര രചനയ്ക്ക് സഹായകമായ തമിഴ് കൃതികളെക്കുറിച്ച് കുറിപ്പെഴുതുക.

14. ജാതി വ്യവസ്ഥ കേരള സംസ്കാരത്തിൽ ചെലുത്തിയ സ്വാധീനമെന്ത് ?

(4 × 3 = 12 weightage)

## Section C

*Answer any* **two** *questions.*
*Each question carries* 5 *weightage.*

15. സംഘകാലത്തെ സാമൂഹ്യ ജീവിതത്തിന്റെ സവിശേഷതകളെപ്പറ്റി ഉപന്യസിക്കുക.

16. കേരളത്തിന്റെ സാംസ്കാരികാഭ്യുന്നതിക്ക് ക്രൈസ്തവ മിഷനറിമാർ നല്കിയ സംഭാവനകളെ വിലയിരുത്തുക.

17. പോർട്ടുഗീസ് മതനയത്തിന്റെ പ്രത്യേകതകളും പ്രത്യാഘാതങ്ങളും വിവരിക്കുക.

18. ഉപഭോഗ സംസ്കാരം കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിന് വെല്ലുവിളി ആയിട്ടുണ്ടോ ? പരിശോധിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**D 32581** (Pages : 2) Name.......................................

Reg. No....................................

# FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2022

(CBCSS)

Malayalam

MAL 1C 04—MALAYALAM GRAMMAR

(മലയാള വ്യാകരണം)

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

## Section A

*Answer any* **four** *questions.*
*Each question carries 2 weightage.*

1. ആഗമിക വ്യാകരണവും വിവരണാത്മക വ്യാകരണവും തമ്മിലുള്ള വ്യത്യാസമെന്ത് ?
2. ചില്ലുകൾ എന്നാൽ എന്ത് ? മലയാളത്തിലെ ചില്ലുകളുടെ സവിശേഷതകൾ എന്തെല്ലാം ?
3. "വർഗ്ഗ്യങ്ങൾ പരമായ് വന്നാൽ

   അതാതിൻ പഞ്ചമം വരാം"

   –ലീലാതിലകത്തിലെ 'മസ്യ യഥായോഗ കാദിഷു പഞ്ചമഃ' എന്ന സൂത്രവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുക.
4. വിശിഷ്ടക്രിയ, നിഗീർണ്ണ കർത്തൃകക്രിയ–നിർവ്വചിച്ചുദാഹരിക്കുക.
5. വിഭക്ത്യാഭാസം എന്നാൽ എന്ത് ? എത്രവിധം ?
6. വിനയെച്ചങ്ങളെയും അവയുടെ പ്രത്യയങ്ങളെയും കുറിച്ച് സോദാഹരണം വിവരിക്കുക.
7. മലയാളത്തിലെ നിഷേധ വാക്യങ്ങളുടെ ഘടനയെക്കുറിച്ച് വിശദമാക്കുക.

(4 × 2 = 8 weightage)

## Section B

*Answer any* **four** *questions.*
*Each question carries 3 weightage.*

8. മലയാളത്തിലെ അക്ഷര സംഖ്യയെക്കുറിച്ചുള്ള വിവിധ വൈയാകരണന്മാരുടെ നിലപാടുകൾ ക്രോഡീകരിക്കുക.
9. "നാമാദി നാലിനും ചെയ്യാം

   വിഭാഗം പല ജാതിയിൽ"

   –വിശദീകരിക്കുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

10. മലയാളത്തിലെ ലിംഗവ്യവസ്ഥയെയും ലിംഗ പ്രത്യയങ്ങളെയും കുറിച്ച് പ്രതിപാദിക്കുക.

11. ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ ഏതെല്ലാം ? സോദാഹരണം വിവരിക്കുക.

12. "അനുനാസിക സംസർഗ്ഗം

സ്വാർത്ഥവിശ്രാന്തിസൂചകം

ഖരാദേശമിരട്ടിപ്പും

പരസംക്രാന്തി ചിഹ്നമാം"

–വ്യാഖ്യാനിക്കുക.

13. തദ്ധിതം എന്നാൽ എന്ത് ? തദ്ധിതഭേദങ്ങൾ ഏവ ? ഉദാഹരണസഹിതം വിശദമാക്കുക.

14. മലയാളത്തിലെ ആഖ്യാത രൂപനിഷ്പത്തിയെക്കുറിച്ചുള്ള കേരള പാണിനിയുടെ അഭിപ്രായമെന്ത് ?

(4 × 3 = 12 weightage)

## Section C

*Answer any* **two** *questions.*
*Each question carries 5 weightage.*

15. മലയാളത്തിലെ പ്രധാനപ്പെട്ട വ്യാകരണ ഗ്രന്ഥങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുക.

16. വിഭക്തിയും കാരകവും തമ്മിലുള്ള ബന്ധം നിർണ്ണയിച്ച് കാരക വിഭാഗങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുക.

17. എണ്ണത്തിലും പ്രത്യയ നിർദ്ദേശത്തിലും അർത്ഥ കല്പനയിലും മലയാള വ്യാകരണ ഗ്രന്ഥങ്ങളിലെ പ്രകാര പ്രകരണം സൂക്ഷ്മമാണെന്ന് പറഞ്ഞുകൂടാ–ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

18. കേരള പാണിനീയത്തിലെ ആകാംക്ഷാധികാരത്തിന്റെ ഉള്ളടക്കം വിശകലനം ചെയ്ത് വാക്യവിചാരത്തിൽ സംഭവിച്ച ന്യൂനതകൾ ചൂണ്ടിക്കാണിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**D 32581-A** (Pages : 4) Name.......................................

Reg. No....................................

FIRST SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, NOVEMBER 2022

(CBCSS)

Malayalam

MAL 1C 04—MALAYALAM GRAMMAR

(മലയാള വ്യാകരണം)

(2019 Admission onwards)

(Improvement Candidates need not appear for MCQ Part)

(Multiple Choice Questions for SDE Candidates)

| Time : 20 Minutes | Total No. of Questions : 20 | Maximum : 5 Weightage |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY, UNIVERSITY OF CALICUT

MAL 2A 02—മല

(Multiple Choice Questions for SDE Candidates)

1. ആറ് + അകം = ആറ്റകം എന്നാകുന്നത് ഏത് സന്ധി നിയമപ്രകാരമാണ് ?

(A) ഏഭ്യാം ച.
(B) ഹലിനവിശേഷം.
(C) ഓർന്നിത്യം.
(D) റുടോർദ്വിതം ച.

2. 'വ്യാകരണ വിവേകം' എന്ന കൃതിയുടെ കർത്താവാര് ?

(A) എൻ. രാജേന്ദ്രൻ.
(B) എൻ. കൃഷ്ണപിള്ള.
(C) എൻ. എൻ. മൂസ്സത്.
(D) എൻ. അനിൽ കുമാർ.

3. ഉത്തമ വ്യാകരത്തിനു നിരീക്ഷണ പര്യാപ്തത (Observational adequency) വിവരണ പര്യാപ്തി (Descriptive adequacy) വിശദീകരണ പര്യാപ്തി (Explanatory adequency) എന്നീ മൂന്നു പര്യാപ്തികൾ മാനദണ്ഡമായി നിർദ്ദേശിച്ച ഭാഷാശാസ്ത്രകാരൻ :

(A) ഹെർഡിനാൻസ് സൊസ്സൂർ.
(B) നോം ചോലസ്കി.
(C) ലിയനാർഡോ ബ്ലൂം ഫീൽഡ്.
(D) യൂജീൻ എ നിഡ.

4. ചുട്ടെഴുത്തുകൾ ആയ 'അ, ഇ, എ' എന്നീ സ്വരങ്ങൾ ———— സ്വരങ്ങളായും അറിയപ്പെടുന്നു.

(A) പിൻസ്വരം.
(B) താലവ്യസ്വരം.
(C) ഓഷ്ഠ്യസ്വരം.
(D) നടുസ്വരം.

5. പഞ്ചമങ്ങൾ എന്നറിയപ്പെടുന്നത് :

(A) ഘോഷങ്ങൾ.
(B) അനുനാസികങ്ങൾ.
(C) സ്വരങ്ങൾ.
(D) വർഗാക്ഷരങ്ങൾ.

6. ഏകവചനാർത്ഥത്തിൽ തന്നെ ബഹുമാനം കാണിക്കാനുപയോഗിക്കുന്ന വചനരൂപം :

(A) സലിംഗ ബഹുവചനം.
(B) അലിംഗ ബഹുവചനം.
(C) പൂജക ബഹുവചനം.
(D) ബഹുവചനം.

7. കർത്താവു ചെയ്യുന്ന ക്രിയയ്ക്കു ആധാരമായി നിൽക്കുന്ന കാരകമേത് ?

(A) സ്വാമികാരകം.
(B) സാക്ഷികാരകം.
(C) കരണ കാരകം.
(D) അധികരണ കാരകം.

CHMK LIBRARY, UNIVERSITY OF CALICUT

8. നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ നിന്നും ഉണ്ടാകുന്ന നാമങ്ങളെ പറയുന്ന പേര് :

(A) കൃത്തുക്കൾ.
(B) തദ്ധിതങ്ങൾ.
(C) സർവനാമങ്ങൾ.
(D) സർവവാചി സർവ്വനാമം.

9. 'ഉ' കാരന്തങ്ങളായ അകാരധാതുവിൽ മാത്രം ശുദ്ധമായ 'തു' കാരം കാണാം. ഏത് കാലപ്രത്യയം ചേരുമ്പോഴുള്ള നിയമമാണിത് ?

(A) ഭൂതകാലം.
(B) വർത്തമാനകാലം.
(C) ഭാവികാലം.
(D) എല്ലാകാല പ്രത്യയങ്ങൾക്കും.

10. ഇടനിലയ്ക്ക് പറയുന്ന മറ്റൊരു പേര് :

(A) കാരകം.
(B) അംഗപ്രത്യയം.
(C) ലിംഗപ്രത്യയം.
(D) വചനപ്രത്യയം.

11. 'നാമങ്ങൾക്ക് പ്രതിയായി ചൊല്ലപ്പെടുന്നവ പ്രതിസംജ്ഞകൾ തന്നെ.' എന്ന് സർവ്വനാമത്തെ നിർവ്വചിച്ചതാര് ?

(A) ജോർജ് മാത്തൻ.
(B) കുട്ടികൃഷ്ണമാരാർ.
(C) ഗുണ്ടർട്ട്.
(D) കെ. ശ്രീകുമാരി.

12. "സംസ്കൃത ഹിമഗിരിഗളിത
ദ്രാവിഡവാണീ കളിന്ദജാമിളിത
കേരള ഭാഷാ ഗംഗാ
വിഹരതു മേ ഹൃത്സരസ്വദാസംഗാ"
–എന്ന് അഭിപ്രായപ്പെട്ടത്.

(A) ശേഷഗിരി പ്രഭു.
(B) ഏ. ആർ. രാജരാജവർമ്മ.
(C) കോവുണ്ണി നെടുങ്ങാടി.
(D) ആർ. രാമസ്വാമി അയ്യർ.

13. ചുട്ടെഴുത്തിനുശേഷം വന്നാൽ ആഗമിക്കുന്ന വർണം ഏത് ?

(A) ക.
(B) ത.
(C) യ.
(D) വ.

CHMK LIBRARY, UNIVERSITY OF CALICUT

14. ഭേദകങ്ങൾക്ക് കേരളപാണിനി എത്ര പിരിവുകൾ കല്പിച്ചിട്ടുണ്ട് ?

(A) 6.
(B) 7.
(C) 8.
(D) 5.

15. 'അം' പ്രത്യയം ദന്ത്യനാന്ത-

മായിരുന്നെങ്കിൽ നന്നഹോ

–ആരുടെ അഭിപ്രായം ?

(A) ഗോപിക്കുട്ടൻ.
(B) പ്രഭാകരവാര്യർ കെ.എം.
(C) ഏ.ആർ. രാജരാജവർമ്മ.
(D) ഇ.വി.എൻ. നമ്പൂതിരി.

16. ദ്രമിഡസംഘാതാക്ഷരത്തിലെ സ്വരങ്ങളുടെയും വ്യഞ്ജനങ്ങളുടെയും എണ്ണം :

(A) 12, 18.
(B) 11, 19.
(C) 14, 20.
(D) 15, 30.

17. ഗതിചേർന്ന വിഭക്ത്യന്തമാണ് :

(A) സമാസ വിഭക്തി.
(B) മാർഗ വിഭക്തി.
(C) സംബോധനാ വിഭക്തി.
(D) മിശ്ര വിഭക്തി.

18. അൻ, ഇ, ത്തി എന്നീ ലിംഗപത്യയങ്ങൾ തദ്ധിത പ്രത്യയങ്ങളായി വരുന്ന തദ്ധിതവിഭാഗമേത് ?

(A) തദ്വത്തദ്ധിതം.
(B) പൂരണീ തദ്ധിതം.
(C) തന്മാത്രാ തദ്ധിതം.
(D) നാമനിർമായി തദ്ധിതം.

19. വിനാമക്രിയ ചർച്ച ചെയ്യുന്നത് ഏതു സന്ധികാര്യ ചർച്ചയിലാണ് ?

(A) ആഗമസന്ധി.
(B) ലോപസന്ധി.
(C) ആദേശ സന്ധി.
(D) ദ്വിത്വ സന്ധി.

20. "അതിനെ സ്വരമായിട്ടേ

വക വയ്ക്കേണ്ട സന്ധിയിൽ"

–ഏതിനെ ?

(A) സംവൃത 'ഉ' കാരത്തെ.
(B) വിവൃത 'ഉ' കാരത്തെ.
(C) വിസർഗത്തെ.
(D) അകാരത്തെ.

CHMK LIBRARY, UNIVERSITY OF CALICUT